(ഇ) കുട്ടനാട്ടിലെ പുഞ്ചകൃഷിയ്ക്ക് ഇത്തവണ എത്ര നെല്ല് ഉല്പാദിപ്പിച്ചുവെന്നും എത്ര നെല്ല് സംഭരിച്ചുവെന്നും പറയുമോ;

(എഫ്) അരിവില കൂടിക്കൊണ്ടിരിക്കുമ്പോൾ നെല്ല് വില കുറയുവാൻ കാരണമെന്ത്?

ഉത്തരം

(എ) സംഭരണ പദ്ധതിക്കായി നിശ്ചയിച്ച ജില്ലാതല കമ്മിറ്റിയാണ് നെല്ല് സംഭരണ വില നിശ്ചയിക്കുന്നത്. ഇപ്രകാരം ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ യഥാക്രമം വെള്ളരി നെല്ലിനും മട്ടരി നെല്ലിനും നിശ്ചയിച്ച വില താഴെ ചേർക്കുന്നു. 640-720, 700-745, 720-750, 670-700 രൂപ നിരക്കിൽ സംഭരിക്കണമെന്നാണ് നിശ്ചയിച്ചത്.

(ബി) ജില്ലാതല കമ്മിറ്റികൾ ന്യായയുക്തമായ വിലയാണ് നിശ്ചയിച്ചിട്ടുണ്ടാവുക എന്ന് സർക്കാർ കരുതുന്നു.

(സി) സംഭരിച്ചിരുന്നു.

(ഡി) കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുമ്പോൾ ഓരോ കിന്റലിനും 60 രൂപ നിരക്കിൽ കൈകാര്യ ചെലവ് ബന്ധപ്പെട്ടവർക്ക് നൽകിയിരുന്നു.

(ഇ) ഏകദേശം 14.7 ലക്ഷം കിന്റൽ നെല്ലാണ് കുട്ടനാട്ടിലെ ഉല്പാദനം. ഇതിൽ 3.17 ലക്ഷം കിന്റലാണ് ഇതുവരെയായി സംഭരിച്ചത്.

(എഫ്) നെല്ലുൽപ്പാദന മേഖലകളിൽ നെല്ല് സംഭരിച്ചു വെക്കുന്നതിനും സംസ്കരിച്ച് അരിയാക്കി വിൽക്കുന്നതിനുമുള്ള സൗകര്യക്കുറവും കുറഞ്ഞവിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും നെല്ല് ലഭ്യമാക്കുന്നതും നെല്ല് വില കുറയുവാൻ കാരണമാകുന്നു.

87 (379) കുട്ടനാട്ടിലെ നെല്ലെടുപ്പ് പദ്ധതി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കുട്ടനാട്ടിലെ നെല്ലെടുപ്പു പദ്ധതിയെപ്പറ്റി വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇനിയും നെല്ലെടുക്കാൻ ഉദ്ദേശമുണ്ടോ; ഈ വർഷം ഇതുവരെ എത്ര നെല്ലെടുത്തു;

(സി) നെല്ലെടുക്കുന്ന പദ്ധതി ഒരു സ്ഥിരം സംവിധാനമാക്കാൻ ആലോചിക്കുമോ;

(ഡി) സർക്കാർ നെല്ലു കുത്തുമില്ലുകൾ ആരംഭിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ;

(ഇ) നെല്ലിന് ഒരു കിന്റലിന് കുട്ടനാട്, പാലക്കാട്, തൃശ്ശൂർ, ഓണാട്ടുകര എന്നിവിടങ്ങളിൽ ഇപ്പോൾ നിലവിലുള്ള വില എത്രആണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെല്ലിന്റെ വിലയിടിവ് തടയുന്നതിനും കർഷകർക്ക് നെല്ലിന് ന്യായവില ഉറപ്പു വരുത്തുന്നതിനുമായി വിരിപ്പു സീസണിൽ സർക്കാർ ഏർപ്പെടുത്തിയ നെല്ലുസംഭരണ പദ്ധതി ഈ വർഷവും കുട്ടനാട്ടിൽ 1998 സെപ്റ്റംബർ മാസത്തിൽ നടപ്പിലാക്കി. വെള്ള അരിയുടെ നെല്ലിന് കിന്റലിന് 550 രൂപയും മട്ട അരിയുടെ നെല്ലിന് 600 രൂപയും നൽകി. കോട്ടയം ജില്ലയിൽ നിന്നും നെല്ല് സംഭരിച്ചു. മറ്റു സീസണുകളിൽ കർഷകർ സംഭരണ ഏജൻസിക്ക് നേരിട്ട് നെല്ല് നൽകുമ്പോൾ 40 രൂപ കർഷകനും 20 രൂപ ഏജൻസിക്കും ഹാൻഡിലിംഗ് ചാർജ് നൽകുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും ഏജൻസികൾ നേരിട്ട് നെല്ല് ശേഖരിക്കുമ്പോൾ 60 രൂപ ഏജൻസിക്കുതന്നെ ഹാൻഡിലിംഗ് ചാർജ് നൽകുന്നുണ്ട്. ശേഖരിക്കുന്ന നെല്ല് അരിയാക്കി വിറ്റാൽ കിന്റലിന് 5 രൂപ നിരക്കിലും സംഘങ്ങൾക്ക് ധന സഹായം നൽകുന്നു.

(ബി) ഉണ്ട്. ഈ വർഷം ഇതുവരെ 3 വിളവെടുപ്പു വേളയിലായി 3.8 ലക്ഷം കിന്റൽ നെല്ല് കോട്ടയം, ആലപ്പുഴ ജില്ലകളിൽനിന്നും സംഭരിച്ചു.

(സി) സഹകരണസംഘങ്ങൾ വഴി നെല്ല് സംഭരിക്കുന്നത് സ്ഥിരം സംവിധാനമാണ്.

(ഡി) തകഴി (ആലപ്പുഴ), വെച്ചൂർ (കോട്ടയം), ആലത്തൂർ(പാലക്കാട്) എന്നിവിടങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ഓരോ റൈസ് മില്ല് സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) യഥാക്രമം 640-720, 670-700, 720-750, 800 രൂപ.

88 (380) ഔഷധ സസ്യകൃഷി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔഷധ സസ്യകൃഷി എവിടെയൊക്കെയാണ് കൃഷിവകുപ്പ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഔഷധ സസ്യകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി.

(ബി)&(സി) ഉണ്ട്. 1999-2000 സാമ്പത്തിക വർഷം 12 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 40 ഹെക്ടർ സ്ഥലത്ത് 0.05 ഹെക്ടറിന് 1500 രൂപാ നിരക്കിൽ നടീൽ വസ്തുക്കൾ കർഷകർക്ക് സൗജന്യമായി നൽകുന്നതാണ്.

89 (381) പച്ചമരുന്നുകളുടെ കൃഷി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly